ജെ6 - 22832/17

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി: 5.07.2017

പഞ്ചായത്ത് ഡയറക്ടർ

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

സർ,

വിഷയം : പഞ്ചായത്ത് വകുപ്പ് - 7/6/2017 തീയതിയിൽ കൂടിയ കോർഡിനേഷൻ കമ്മിറ്റിയോഗ തീരുമാനം-തുടർ - നടപടി സ്വീകരിക്കുന്നത്-സംബന്ധിച്ച്.

സൂചന : 7.06.2017ലെ കോർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ 2.11, 2.12, 2.13, 2.15 നമ്പർ തീരുമാനം.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 7/6/2017 തീയതിയിലെ കോ-ഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ 2.11, 2.12, 2.13, 2.15 നമ്പർ തീരുമാനങ്ങൾ സംബന്ധിച്ച് നടപടി റിപ്പോർട്ട് 10/7/2017 തീയതിക്കുമുൻപായി പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണെന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ

പഞ്ചായത്ത് ഡയറക്ടർക്കുവേണ്ടി

ദി/

2.11 ജൂൺ 30 നു മുമ്പ് 2017-18-ലെ പുതിയ പ്രോജക്ടുകളിൽ 10 ശതമാനം ചെലവെങ്കിലും വരുത്തണം.

(നടപടി- 1. തദ്ദേശഭരണ (എഫ്.എം) വകുപ്പ്
2. നഗരകാര്യ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ, ഗ്രാമവികസനകമ്മീഷണർ)

2.12 എല്ലാ ആഴ്ചകളിലും പദ്ധതി ചെലവ് തദ്ദേശഭരണ സ്ഥാപനതലത്തിലും, ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും മോണിറ്റർ ചെയ്യണം. ആനുപാതികമായ ലക്ഷ്യം കൈവരിക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിൽ ഇടപ്പെട്ട് പ്രശ്നം പരിഹരിക്കണം.

(നടപടി- നഗരകാര്യ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ, ഗ്രാമവികസനകമ്മീഷണർ)

2.13 പൂർത്തിയായ പ്രോജക്ടുകളുടെ ബിൽ തയ്യാറാക്കാത്തവർ, ബിൽ സമർപ്പിച്ചത്, സമർപ്പിക്കാത്തവ, ഇവ പ്രത്യേകമായി അവലോകനം ചെയ്യണം. പാർട്ട് ബില്ലായി സമർപ്പിക്കാൻ കഴിയുന്നവ അപ്രകാരം സമർപ്പിക്കണം.

(നടപടി- 1. നഗരകാര്യ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ, ഗ്രാമവികസനകമ്മീഷണർ
2. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ)

2.14 നിർമ്മാണ പ്രോജക്ടുകളുടെ സാങ്കേതികാനുമതി നൽകുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. ഇവ എല്ലാ ആഴ്ചയിലും അവലോകനം ചെയ്യണം. സാങ്കേതികാനുമതി വേണ്ട ആകെ പ്രോജക്ടുകളുടെ എണ്ണം, സാങ്കേതികാനുമതിക്ക് സമർപ്പിച്ചവയുടെ എണ്ണം, സാങ്കേതികാനുമതി നൽകിയവയുടെ എണ്ണം, സാങ്കേതികാനുമതി നൽകാത്തവയുടെ എണ്ണം എന്നിവ കൃത്യമായി എല്ലാ ആഴ്ചയിലും വിലയിരുത്തുകയും കാലതാമസം കൂടാതെ സാങ്കേതിക അനുമതി നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണം.

(നടപടി - ചീഫ് എഞ്ചിനീയർ, തദ്ദേശഭരണ വകുപ്പ് )

2.15 2015-16 ലെ പ്രോജക്ടുകളുടെ (31.03.17 നു മുമ്പ് പൂർത്തിയായവ) ബില്ല് 30.06.17 നു മുമ്പ് സമർപ്പിച്ച് തുക മാറുന്നതിൽ ഒരു തദ്ദേശഭരണ സ്ഥാപനങ്ങളും വീഴ്ച വരുത്തരുത്.

(നടപടി- 1. തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്
2. നഗരകാര്യ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ, ഗ്രാമവികസനകമ്മീഷണർ)

2.16 കഴിഞ്ഞ 5 വർഷക്കാലം തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ചെയ്ത റോഡു പ്രവൃത്തികളുടെ (പുതിയ നിർമ്മാണവും മെയിന്റനൻസും പ്രത്യേകമായി ) എണ്ണം, നീളം എന്നിവ അടുത്ത കോർഡിനേഷൻ കമ്മിറ്റിയിൽ നൽകണം)

(നടപടി - ചീഫ് എഞ്ചിനീയർ, തദ്ദേശഭരണ വകുപ്പ്)